# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3269** **11.12.2014-ൽ മറുപടിക്ക്**

## കുട്ടനാട്ടിലെ പാലങ്ങളുടെ നിർമ്മാണം

| ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി | | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|---|
| (എ) കൈനകരി പഞ്ചായത്തിലെ മുണ്ടയ്ക്കൽ പാലം നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മുണ്ടയ്ക്കൽ പാലം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി അതിർത്തികല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. തുടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) നിർമ്മാണം ആരംഭിച്ച ചമ്പക്കുളം പാലം, മങ്കൊമ്പ് സിവിൽ സ്റ്റേഷൻ പാലം എന്നിവയുടെ പണി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | 1. ചമ്പക്കുളം പാലം പൂർത്തീകരിക്കുന്നതിന് കരാറുകാരൻ മുന്നോട്ടുവരാത്തതുകൊണ്ട് കരാറുകാരന് അവസാന നോട്ടീസ് നൽകുവാൻ നടപടി സ്വീകരിച്ചു വരുന്നു.<br>2. മങ്കൊമ്പ് സിവിൽ സ്റ്റേഷൻ പാലം - നിശ്ചിത കാലാവധിയായ 19.01.2016 നകം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ അനുവദിച്ച കൈനകരിയിലെ ബേക്കറിപ്പാലം നിർമ്മാണം എന്ന് ആരംഭിക്കുമെന്നതിന്റെ കാലാവധി സഹിതമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ? | (സി) | കൈനകരി പഞ്ചായത്തിലെ ബേക്കറി പാലത്തിന്റെ പ്രവൃത്തിക്കുള്ള കരാർ 07.10.2014-ൽ വച്ചിട്ടുണ്ട്. 2014 ഡിസംബർ അവസാനവാരത്തോടെ പ്രവൃത്തി ആരംഭിച്ച് 6 മാസത്തിനകം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു |

സെക്ഷൻ ഓഫീസർ